II ഇ.ബി. XIII- കേരള നിയമസഭ/XIV-1

# പതിമൂന്നാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

## ചോദ്യോത്തരങ്ങൾ - സംഗ്രഹം

2015 ജൂൺ 08, തിങ്കൾ

നിയമസഭ രാവിലെ 08.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. എൻ. ശക്തന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

## വാങ്മൂലം നൽകിയ ഉത്തരങ്ങൾ

(ബ്രാക്കറ്റിൽ കൊടുത്തിരിക്കുന്ന നമ്പർ ഈ സമ്മേളനത്തിൽ അവതരിപ്പിച്ച ചോദ്യങ്ങളുടെ നമ്പറിനെ സൂചിപ്പിക്കുന്നു.)

1(*1&*16) വിഴിഞ്ഞം തുറമുഖ പദ്ധതി

മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ബാബു) നൽകിയ മറുപടിയിൽ, വിഴിഞ്ഞം തുറമുഖ പദ്ധതിക്ക് കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയത്തിന്റെ പാരിസ്ഥിതികാനുമതിയും കേന്ദ്ര ധനകാര്യ മന്ത്രാലയത്തിന്റെ വയബിലിറ്റി ഗ്യാപ് ഫണ്ടിംഗ് സംബന്ധിച്ച അനുമതിയും ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ ഭൂമി ഏറ്റെടുക്കൽ, ജലം, വൈദ്യുതി, റെയിൽവേ തുടങ്ങി പദ്ധതിക്കാവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിന് അടിയന്തര നടപടികൾ സ്വീകരിച്ചുവരുന്നതായി സഭയെ അറിയിച്ചു. കേന്ദ്ര ഗവൺമെന്റിന്റെ മാനദണ്ഡങ്ങളനുസരിച്ച് നടത്തിയ ആഗോളതല ടെണ്ടറിൽ യോഗ്യത നേടിയ അഞ്ച് കമ്പനികളിൽ M/s.

അദാനി പോർട്ട്സ് ആന്റ് സ്പെഷ്യൽ എക്കണോമിക് സോൺ ലിമിറ്റഡ് എന്ന കമ്പനി മാത്രം സമർപ്പിച്ച പ്രൈസ് ബിഡ് സ്വീകരിക്കുവാൻ ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായ ഉന്നതാധികാര സമിതിയും വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ കമ്പനി ഡയറക്ടർ ബോർഡും നൽകിയ ശിപാർശയിന്മേൽ കൂടിയ സർവ്വകക്ഷി യോഗത്തിൽ ടെണ്ടർ വ്യവസ്ഥകൾ സംബന്ധിച്ച സംശയങ്ങൾ ദൂരീകരിക്കുകയും സംസ്ഥാന താൽപ്പര്യം സംരക്ഷിച്ചുകൊണ്ട് മാത്രമേ ടെണ്ടർ നടപടികളുമായി മുന്നോട്ട് പോകുകയുള്ളൂവെന്ന് ഉറപ്പുനൽകുകയും ചെയ്തിട്ടുണ്ട്. ടെണ്ടർ നടപടികൾ കൂടുതൽ സുതാര്യമാകുന്നതിന്റെ ഭാഗമായി ടെണ്ടർ ഡോക്യുമെന്റ്സ് ഉൾപ്പെടെയുള്ളവ വെബ്സൈറ്റിൽ പബ്ലിഷ് ചെയ്തിട്ടുണ്ട്. കേന്ദ്ര സർക്കാരിന്റെ വയബിലിറ്റി ഗ്യാപ് ഫണ്ടിംഗ് കിട്ടുന്നതിനായി 2010 ഒക്ടോബറിലെ ലാന്റ് ലോർഡ് മാതൃകയിലെ പി.പി.പി. ഘടകങ്ങൾ വർദ്ധിപ്പിച്ച് 2013 നവംബറിൽ പദ്ധതി പുനർ നിർണ്ണയിക്കുകയുണ്ടായി. റവന്യൂ ഷെയർ ഉള്ളതുകൊണ്ടും സംസ്ഥാന നിക്ഷേപം കുറവായതുകൊണ്ടും കേന്ദ്രത്തിൽ നിന്നും വയബിലിറ്റി ഗ്യാപ് ഫണ്ടിംഗ് ലഭ്യമാകുന്നതുകൊണ്ടും മെയിന്റനൻസ് ഡ്രെഡ്ജിംഗ് സ്വകാര്യ പങ്കാളിയുടെ ഉത്തരവാദിത്തമായതിനാലും നിലവിലെ ഘടന സംസ്ഥാന താല്പര്യത്തിന് അനുകൂലമാണ്. സർക്കാരിന്റെ ക്രെഡിറ്റ് റേറ്റിംഗിനും പദ്ധതിയുടെ വയബിലിറ്റിക്കും വിധേയമായി സർക്കാർ ഉടമസ്ഥതയിൽ തുറമുഖ നിർമ്മാണത്തിനാവശ്യമായ തുക പൊതുമേഖലാ ധനകാര്യ സ്ഥാപനങ്ങളിൽ

നിന്നും വായ്പ എടുക്കാൻ സാധിക്കും. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂറുമായി തുറമുഖ കമ്പനി ഒപ്പിട്ട ധാരണാപത്ര പ്രകാരം 150 കോടി രൂപ പദ്ധതിക്ക് കടം നൽകുന്നതിനും ബാങ്ക് അല്ലാതെയുള്ള മറ്റ് സ്ഥാപനങ്ങളിൽ നിന്നും കിട്ടുന്ന ലോൺ SBI Caps Ltd-മായി സഹകരിച്ച് തരപ്പെടുത്തുന്നതിനും വ്യവസ്ഥയുണ്ടായിരുന്നു. പദ്ധതിയുമായി ബന്ധപ്പെട്ട് 2014 ജനുവരി 16-ന് ബോംബെയിൽ നടന്ന റോഡ് ഷോയിൽ തുറമുഖ വകുപ്പുമന്ത്രി, തുറമുഖ വകുപ്പ് സെക്രട്ടറി, തുറമുഖ കമ്പനി മാനേജിംഗ് ഡയറക്ടർ, മറ്റുദ്യോഗസ്ഥർ, കമ്പനിയുടെ ഉപദേശകർ, സംസ്ഥാന പ്ലാനിംഗ് ബോർഡ് മുൻ പ്രിൻസിപ്പൽ അഡ്വൈസർ (ഇൻഫ്രാസ്ട്രക്ചർ), സംസ്ഥാന പ്ലാനിംഗ് ബോർഡ് വൈസ് ചെയർമാൻ, സംസ്ഥാന പ്ലാനിംഗ് ബോർഡ് മെമ്പർ എന്നിവർ പങ്കെടുത്തിരുന്നു. പദ്ധതി പ്രദേശത്തിന്റെ വികസനം മുൻനിർത്തി ഒരു മത്സ്യബന്ധന തുറമുഖവും ഇതോടൊപ്പം വിഭാവനം ചെയ്തിട്ടുണ്ടെന്നും എല്ലാ പ്രതിബന്ധങ്ങളെയും അതിജീവിച്ച് സംസ്ഥാന താത്പര്യം പൂർണ്ണമായും സംരക്ഷിച്ചുകൊണ്ട് വിഴിഞ്ഞം പദ്ധതി യാഥാർത്ഥ്യമാക്കുന്നതിനുള്ള എല്ലാ നടപടിയും സ്വീകരിക്കുമെന്നും ഉപചോദ്യങ്ങളിലിടപെട്ടുകൊണ്ട് മുഖ്യമന്ത്രി വ്യക്തമാക്കി.

(നക്ഷത്ര ചിഹ്നമിട്ട ബാക്കി ചോദ്യങ്ങൾക്കും നക്ഷത്ര ചിഹ്നമിടാത്ത 1 മുതൽ 345 വരെയുള്ള ചോദ്യങ്ങളിൽ 87 എണ്ണത്തിനും ബന്ധപ്പെട്ട മന്ത്രിമാർ രേഖാമൂലം ഉത്തരം നൽകി.)